പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2699. 20.6.2013 ൽ മറുപടിക്ക്

**കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകൽ**

**ചോദ്യം** **മറുപടി**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ.

ശ്രീ.പി.കെ. അബ്ദുറബ്ബ്

(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ സർക്കാർ തലത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ കമ്മിറ്റിയുടെ ഘടനയും ആരൊക്കെയാണ് അംഗങ്ങളെന്നും വെളിപ്പെടുത്താമോ ;

എ) സ്വയംഭരണാവകാശത്തിന് അർഹമായ കോളേജുകളെ തെരഞ്ഞെടുക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയംഭരണാവകാശം സംബന്ധിച്ച ഒരു പ്രത്യേക അദ്ധ്യായം വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപ രേഖ തയ്യാറാക്കുന്നതിന് നിയമ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ രണ്ടംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്.

സ്വയംഭരണ അംഗീകാര സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

വിദ്യാഭ്യാസ വകുപ്പ മന്ത്രി -- ചെയർമാൻ

വൈസ് ചെയർമാൻ, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ. -- വൈസ് ചെയർമാൻ.

ധനകാര്യ വകുപ്പ് സെക്രട്ടറി -- മെമ്പർ.

ചെയർമാൻ നിർദ്ദേശിക്കുന്ന അംഗീകൃത സർവ്വകലാശാലയുടെ വൈസ് ചാൻസലർ - മെമ്പർ.

സർക്കാർ നിർദ്ദേശിക്കുന്ന കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ ഒരു അംഗം -- മെമ്പർ.

നിയമ വകുപ്പ് സെക്രട്ടറി – മെമ്പർ.

ഉന്നത വിദ്യാഭ്യാസവകുപ്പ സെക്രട്ടറി -- മെമ്പർ സെക്രട്ടറി.

| | |
|---|---|
| ബി) ഇതുമായി ബന്ധപ്പെട്ട് കമ്മിറ്റി എത്ര തവണ യോഗം ചേർന്നെന്നും കമ്മിറ്റിയുടെ നിഗമനങ്ങളും തീരുമാനങ്ങളും എന്തെന്നും വിശദമാക്കാമോ ? | ബി) സ്വയംഭരണ അംഗീകാര സമിതിയിലേയ്ക്കുള്ള അംഗങ്ങളുടെ നാമനിർദ്ദേശം പൂർത്തിയായിട്ടില്ലാത്തതിനാൽ സമിതിയുടെ യോഗം ചേർന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ